## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1480

10/02/2020 ൽ
മറുപടിക്ക്

### വ്യത്യസ്ത ഇനം വിളകളുടെ വിത്ത് സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.രാമചന്ദ്രൻ** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |

**എ)** കേരളത്തിൽ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന വ്യത്യസ്ത ഇനം വിളകളുടെ വിത്ത് സംരക്ഷിക്കുന്നതിന് കൃഷി വകുപ്പിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

**എ)** ഉണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ 'Scheme for Conservation and multiplication of Traditional and Indigenous varieties of Paddy and Millets' എന്ന പ്ലാൻ പദ്ധതി പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷിയിടങ്ങളിലെ വ്യാപനത്തിനും ലക്ഷ്യം വെച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. നെല്ലിന്റെയും ചെറുധാന്യങ്ങളുടെയും പരമ്പരാഗത ഇനങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറിന് 10000/- രൂപ ധനസഹായം കർഷകർക്ക് നൽകി വരുന്നു.

ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം കൃഷി വകുപ്പ് കേരള കാർഷിക സർവകലാശാലയ്ക്ക് 2017-18 സാമ്പത്തികവർഷത്തിൽ അനുവദിച്ചു. 2018 മുതൽ 2023 വരെയുള്ള 5 വർഷത്തെ കാലയളവിലേക്കാണ് വിത്ത് ബാങ്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന വിത്ത് വിഭാഗവും പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രവുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**ബി)** കീടബാധയും പ്രതികൂല കാലാവസ്ഥയും മൂലം തെങ്ങുകൾ നശിക്കുകയും നാളികേര ഉത്പാദനം കുറയുകയും ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ നാട്ടിൽ നൂറ്റാണ്ടുകളായി കൃഷി ചെയ്തിരുന്ന തെങ്ങിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

**ബി)** കേരളത്തിന്റെ ചില പ്രദേശങ്ങളിൽ രോഗപ്രതിരോധ ശേഷിയും ഉല്പാദനക്ഷമതയും ഉള്ള ചില സവിശേഷ തെങ്ങിനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആദിനാട്, തിരുവനന്തപുരം ജില്ലയിലെ ഇടവ എന്നീ പ്രദേശങ്ങൾ, കാസറഗോഡ് ജില്ലയിലെ ബേഡകം എന്നിവിടങ്ങളിൽ സവിശേഷതകൾ ഉള്ള പരമ്പരാഗത തെങ്ങിനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം തെങ്ങിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇനങ്ങളെപ്പറ്റിയുള്ള ശാസ്ത്രീയ പഠനങ്ങൾ സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), കേരള കാർഷിക സർവകലാശാല എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു.

| | | | |
|---|---|---|---|
| സി) | ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായ സ്വഭാവമുള്ള വിളകളുടെ വിത്തിനങ്ങൾ സംരക്ഷിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | സി) | 'Scheme for conservation and multiplication of Traditional and Indigenous Varieties of Paddy and Millets' പദ്ധതി പ്രകാരം പരമ്പരാഗത ഇനങ്ങളുടെ വിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോരിറ്റി മുഖാന്തിരം സംഭരിച്ച് മറ്റ് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നെല്ലിന്റെ നാടൻ/പരമ്പരാഗത/തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം നിലവിലുണ്ട്. ഇതിൽ നിന്നും തെരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ (പറമ്പുവട്ടൻ, തവളക്കണ്ണൻ, തെക്കൻ ചീര, ചെങ്കയമ, കട്ടമോടൻ, കറുത്ത മോടൻ, ചുവന്ന മോടൻ, രക്തശാലി, ചെന്നെല്ല്, ചൊമാല, കല്ലടി ആര്യൻ) ഉല്പാദിപ്പിച്ച് കർഷകർക്ക് വിത്ത് ലഭ്യമാക്കി വരുന്നു. കൂടാതെ മറ്റിനങ്ങളായ എറവപാണ്ടി, വെള്ളരി, തെക്കൻ ചീമേനി, കവുങ്ങിൻ പൂങ്കുല, തെക്കൻ എന്നിവയുടെയും വിത്തുല്പാദനം നടത്തിവരുന്നുണ്ട്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ആഭിമുഖ്യത്തിൽ 28 പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുത്പാദനം (ഓരോപ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായി ഭൗമ സൂചിക പദവി ലഭിച്ച പച്ചക്കറി ഇനങ്ങൾ ഉൾപ്പെടെ) തെരഞ്ഞെടുത്ത കർഷകരുടെ നേതൃത്വത്തിൽ നടത്തി വരുന്നു. |

Fessy Jon

**സെക്ഷൻ ഓഫീസർ**